# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.593 — 06.02.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ — ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## സാമ്പത്തിക ഉത്തരവാദിത്വ നിയമം

| | | |
|---|---|---|
| എ) | 2012-2013 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വരുമാന ടാർജറ്റ് എത്രയായിരുന്നു; വരുമാനത്തിൽ എത്രശതമാനം വളർച്ചയുണ്ടായി; വ്യക്തമാക്കുമോ; | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന ആകെ റവന്യൂ വരുമാനം 48141.59 കോടി രൂപയാണ്. പ്രാഥമിക കണക്കുകൾ പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ ലഭിച്ച ആകെ റവന്യൂ വരുമാനം 30436.13 കോടി രൂപയാണ്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിൽ ലഭിച്ച 24727.17 കോടി രൂപയേക്കാൾ 23.09 ശതമാനം കൂടുതലാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ പ്രതീക്ഷിത ചെലവ് എത്രയായിരുന്നു; ചെലവിൽ കുറവുണ്ടായോ; എങ്കിൽ ഏത് മേഖലയിലാണ് ചെലവ് ചെയ്യാതിരുന്നി - ട്ടുള്ളതെന്ന് വിശദമാക്കുമോ; | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 58976.21 കോടി രൂപയാണ്. പ്രാഥമിക കണക്കുകൾ പ്രകാരം 2012 ഡിസംബർ 31 വരെയുള്ള ആകെ ചെലവ് 38814.86 കോടി രൂപയാണ്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷം സമാന കാലയളവിൽ ആകെ ചെലവായ തുകയേക്കാൾ 13.89 ശതമാനം കൂടുതലാണ് |

| | | |
|---|---|---|
| (സി) | സാമ്പത്തിക ഉത്തരവാദിത്വ നിയമത്തിൽ 2012–13–ൽ റവന്യൂ കമ്മി എത്ര ശതമാനം കുറയ്ക്കുമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്; എത്ര ശതമാനം ചെലവ് കുറച്ചിട്ടുണ്ട്; ഏതെല്ലാം ഇനത്തിൽ; വ്യക്തമാക്കുമോ; | 2011 ലെ കേരള ധനസംബന്ധമായ ഉത്തര വാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരം 2012–13 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ റവന്യൂ കമ്മി സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിൻെറ 0.90 ശതമാനമായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നടപ്പു വർഷത്തെ റവന്യൂ കമ്മി വർഷാന്ത്യത്തിൽ മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളു. ബഡ്ജറ്റിൽ വിഭാവനം ചെയ്തപ്രകാരമുള്ള റവന്യൂ വരുമാനം സമാഹരിച്ചും റവന്യൂച്ചെലവ് ക്രമപ്പെടുത്തിക്കൊണ്ടും റവന്യൂ കമ്മി നിർദ്ദിഷ്ട നിലവാരത്തിൽ എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | പ്രസ്തുത നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഏതെല്ലാം വർഷങ്ങളിൽ എത്രശതമാനം റവന്യൂ–ധനകമ്മി കുറയ്ക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്? | ധന ഉത്തരവാദിത്വ നിയമത്തിൽ റവന്യൂ കമ്മി 2011–12, 2012–13, 2013–14, 2014–15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചുകൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ പൂർണ്ണമായി ഇല്ലാതാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2011–12, 2012–13 എന്നീ വർഷങ്ങളിൽ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3.5 ശതമാനം കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013–14–ൽ 3 ശതമാനമായി കുറച്ചുകൊണ്ട് വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച 2014 മാർച്ച് 31 ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ മൊത്തംമതിപ്പ് ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനമായി കുറയ്ക്കുകയുമാണ് 2011–ലെ ധന ഉത്തരവാദിത്ത (ഭേദഗതി) നിയമം വ്യവസ്ഥ ചെയ്യുന്നത്. |

T.K. Shaebana

സെക്ഷൻ ഓഫീസർ